പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 985 02.12.2015 -ലെ മറുപടിക്ക്.

## നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള ധനസഹായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ അപകടമരണത്തെ തുടർന്ന് കുടുംബത്തിന് നൽകി വരുന്ന ധനസഹായം എന്നാണ് വർദ്ധിപ്പിച്ചതെന്നും അങ്ങനെ വർദ്ധിപ്പിച്ച തുക എത്ര തൊഴിലാളി കുടുംബങ്ങൾക്ക് നൽകുകയുണ്ടായി എന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ അപകടമരണത്തെ തുടർന്ന് കുടുംബത്തിന് നൽകിവരുന്ന ധനസഹായം 17.08.2007 ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള 2 ലക്ഷം എന്നത് 3 ലക്ഷം രൂപ ആയി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ വിവിധ ഓഫീസുകളിലായി 233 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. |
| (ബി) മാരകരോഗ ബാധിതർക്കുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധിപ്പിച്ച തുക എത്ര പേർക്ക് ഇതിനകം നൽകുകയുണ്ടായി എന്ന് വ്യക്തമാക്കുമോ? | (ബി) 50,000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

Deepa

സെക്ഷൻ ഓഫീസർ